# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജൂൺ 19, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

14(*91) പുതിയ മദ്യനയം സംബന്ധിച്ച് ടൂറിസം വകുപ്പ് നൽകിയ ശിപാർശകൾ

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ നൽകിയ നിവേദനത്തിന്റെയും ടൂറിസം വ്യവസായ വികസനം സംബന്ധിച്ച് ചർച്ച നടത്തി കുറിപ്പ് സമർപ്പിക്കണമെന്ന ചീഫ് സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ 21-05-2024-ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഈ രംഗത്തെ സംഘടനാ

പ്രതിനിധികളുമായി ഓൺലൈൻ യോഗം ചേരുകയുണ്ടായിയെന്നും ടി യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും ചർച്ച ചെയ്യുകയുണ്ടായിയെന്നും സഭയെ അറിയിച്ചു. പുതിയ മദ്യ നയം സംബന്ധിച്ച് എക്സൈസ് വകുപ്പിന് ശിപാർശ നൽകിയിട്ടില്ല. മദ്യനയവുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കേണ്ടത് എക്സൈസ് വകുപ്പാണെന്നും ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട വിഷയങ്ങൾ എക്സൈസ് വകുപ്പുമായുള്ള ചർച്ചയിൽ ഉന്നയിക്കുന്നതാണെന്നും സംസ്ഥാനത്തിന്റെ വരുമാന ലഭ്യത കണക്കിലെടുത്ത് വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും ഇതിനായി വിവിധ മേഖലകളിൽ ചർച്ച നടത്താൻ ടൂറിസം വകുപ്പ് തയ്യാറാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15(*92) <u>വിദ്യാലയങ്ങളുടെ പശ്ചാത്തല വികസനം</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് 188 സ്കൂളുകളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും 226 സ്കൂളുകളിൽ

നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. കൂടാതെ മുൻ സർക്കാരിന്റെ കാലയളവിൽ വിവിധ കിഫ്ബി പദ്ധതികളിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്ന 368 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും 220 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. സംസ്ഥാനത്തെ 68 ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബ് നവീകരിക്കുന്നതിനും 2022-23-ൽ 161 സ്കൂളുകളിലും 2023-24-ൽ 117 സ്കൂളുകളിലും 'ബാരിയർ ഫ്രീ' പദ്ധതി ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 'അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ആകസ്മിക സഹായം' എന്ന പദ്ധതിയിലൂടെ 2022-23-ൽ 163 സ്കൂളുകൾക്കും 2023-24-ൽ 110 സ്കൂളുകൾക്കും ചുറ്റുമതിൽ, സംരക്ഷണ ഭിത്തി, ടോയ്‌ലറ്റ് സൗകര്യങ്ങൾ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും 'അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്ക് വേണ്ടിയുള്ള അടിയന്തര സഹായം' എന്ന പദ്ധതി പ്രകാരം 64 സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ, ഇലക്ട്രിഫിക്കേഷൻ, ഫർണിച്ചർ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ ഐ.ടി. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ

ലാബ് സജ്ജീകരിക്കുന്നതിനായി 16500 ലാപ്ടോപ്പ്, 2174 ഹൈസ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബുകളിൽ 9000 റോബോട്ടിക് കിറ്റ് എന്നിവയും നൽകിയിട്ടുണ്ട്. പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറിതലം വരെയുള്ള പാഠ്യ പദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി തലത്തിൽ നടപ്പാക്കുന്ന 'വർണ്ണക്കൂടാരങ്ങൾ' പദ്ധതിയിലൂടെ 1108 വർണ്ണക്കൂടാരങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കായിക വിദ്യാഭ്യാസം കാര്യക്ഷമവും വിദ്യാർത്ഥി കേന്ദ്രീകൃതവുമാക്കുന്നതിന് പ്രൈമറി തലത്തിൽ 'ഹെൽത്തി കിഡ്സ്' പദ്ധതി നടപ്പിലാക്കിവരുന്നതോടൊപ്പം കായിക വിദ്യാലയങ്ങൾക്ക് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. 1-10 ക്ലാസ്സുകളിലെ കുട്ടികൾക്ക് യോഗയ്ക്കുവേണ്ടി പ്രത്യേക പുസ്തകം തയ്യാറാക്കിയിട്ടുള്ളതും എല്ലാ വർഷവും സംസ്ഥാന യോഗ ഒളിമ്പ്യാഡ് സംഘടിപ്പിച്ചുവരുന്നതുമാണ്. ട്രൈബൽ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് 'പഠിപ്പുറസ്സി' പദ്ധതിയും മഹിളാ സമഖ്യാ സൊസൈറ്റിയുടെ നേതൃത്വത്തിൽ 'ഗോത്രയാനം' പദ്ധതിയും അതിഥിത്തൊഴിലാളികളുടെ മക്കൾക്കായി സ്പെഷ്യൽ ട്രെയിനിംഗ് സെന്റർവഴി പ്രത്യേക പദ്ധതികളും നടപ്പിലാക്കിവരുന്നു.

45,000 ക്ലാസ് മുറികൾ സാങ്കേതികവിദ്യ സൗഹൃദമാക്കിയിട്ടുണ്ടെന്നും എസ്.എസ്.എൽ.സി. അടക്കമുള്ള പൊതു പരീക്ഷകളിൽ മിനിമം മാർക്ക് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും പ്ലസ് വൺ പ്രവേശന നടപടികൾ ജൂൺ 21-ന് പൂർത്തീകരിച്ച് 24-ാം തീയതി ക്ലാസുകൾ ആരംഭിക്കാൻ സാധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16(*93) <u>സാഹസിക വിനോദസഞ്ചാരം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, മെച്ചപ്പെട്ട സൗകര്യവും ഗുണനിലവാരവുമുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയ 60 Adventure Activity Providers-ന് സാഹസിക ടൂറിസം മേഖലയിൽ രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്നും ഇതിലൂടെ മൂവായിരത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസവുമായി ബന്ധപ്പെട്ട് യൂണിറ്റുകളുടെ രജിസ്ട്രേഷൻ, സുരക്ഷ മാനദണ്ഡങ്ങളുടെ വിലയിരുത്തൽ എന്നിവയ്ക്കായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചും ടെക്നിക്കൽ എക്സ്പെർട്ടുകളുടെ പാനലിന് അംഗീകാരം നൽകിയും ഉത്തരവായിട്ടുണ്ട്. ഈ

മേഖലയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി "Adventure Tourism Safety and Security Guidelines" അംഗീകരിച്ചിട്ടുണ്ട്. സാഹസിക വിനോദ പരിപാടികൾ ചിട്ടയായും അപകടരഹിതമായും നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട ഏജൻസികൾക്കും സാഹസിക ടൂറിസം ആക്ടിവിറ്റികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ട ചുമതല കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും നൽകിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ സാഹസിക ടൂറിസം പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. സാഹസിക വിനോദത്തിനായുള്ള ഗ്ലാസ്/ഫ്ലോട്ടിംഗ് ബ്രിഡ്ജുകളുടെ സാങ്കേതിക പരിശോധന എൻ.ഐ.ടി. മുഖാന്തരം നടപ്പിലാക്കിവരുന്നു. വിവിധ മുനിസിപ്പാലിറ്റികൾ, ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ മലബാർ റിവർ ഫെസ്റ്റിവൽ, MTB കേരള, പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ, അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവൽ, ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിവൽ എന്നിവയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സെമിനാർ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവയും ഇതിന്റെ ഭാഗമായി

സംഘടിപ്പിച്ചുവരുന്നു. സ്വകാര്യ നിക്ഷേപത്തോടെ ഗ്ലാസ്/ഫ്ലോട്ടിംഗ് ബ്രിഡ്ജ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസം മേഖലയിൽ പി.പി.പി. മാതൃകയിൽ പദ്ധതികൾ നടപ്പാക്കാനാകുമെന്നും വേളിയിൽ സർഫിംഗ് ഫെസ്റ്റ്, കോന്നിയിൽ കയാക്കിംഗ് ഫെസ്റ്റ്, ശംഖുംമുഖത്ത് സർഫിംഗ് സ്കൂൾ എന്നിവ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17(*94) <u>ഡിജിറ്റൽ സർവെയുടെ പുരോഗതി</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതി നല്ലരീതിയിൽ മുന്നോട്ടുപോകുകയാണെന്നും നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്നും സഭയെ അറിയിച്ചു. 1, 2 ഘട്ടങ്ങളിലെ 175 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും ശേഷിക്കുന്നവയുടെ സർവെ നടപടികൾ പുരോഗമിച്ചുവരികയുമാണ്. നാല് ലക്ഷം ഹെക്ടർ ഭൂമി ഇതിനോടകം സർവെ ചെയ്തിട്ടുണ്ട്. ഡിജിറ്റൽ റീസർവെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിലുള്ള ജീവനക്കാരെ കൂടാതെ 1500 സർവ്വെയർ, 3200 ഹെൽപ്പർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

മുഖാന്തരം നിയമിക്കുന്നതിന് അനുമതി നൽകുകയും ഫാറം 50 രേഖപ്പെടുത്തുന്ന ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി 1317 കരാർ സർവെയർമാരെയും 1953 ഹെൽപ്പർമാരെയും നിലവിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ സർവെ പദ്ധതിക്കായി 1500 RTK മെഷീനുകളും 200 RETS മെഷീനുകളും വാങ്ങിയിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രാരംഭ കാലയളവിൽ സർവെ നടപടികൾ മന്ദഗതിയിലായിരുന്നുവെങ്കിലും 03-08-2023 മുതൽ 11-06-2024 വരെയുള്ള കാലയളവിൽ 277591 ഹെക്ടർ ഭൂമിയുടെ സർവെ പൂർത്തീകരിക്കാനായിട്ടുണ്ട്. കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ ഒഴിവാക്കി ഡിജിറ്റൽ സർവെ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതും കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. പൂർണ്ണ ജനപങ്കാളിത്തത്തോടെ നടത്തുന്ന ഡിജിറ്റൽ സർവെ പൂർത്തിയായ പ്രദേശങ്ങളിലെ റിക്കാർഡുകൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് ഭൂവുടമകൾക്ക് "എന്റെ ഭൂമി" പോർട്ടൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വില്ലേജുകളുടെ ഫീൽഡ് സർവെ പൂർത്തിയാകുന്ന മുറയ്ക്ക് വാർഡ് തലത്തിൽ റിക്കാർഡുകൾ പ്രദർശിപ്പിച്ച് അവയുടെ കൃത്യത ഉറപ്പാക്കി ലഭ്യമായ പരാതികൾ പൂർണ്ണമായും പരിഹരിച്ചുകൊണ്ടുമാത്രമേ

സർവെ അതിരടയാള നിയമം സെക്ഷൻ 9(2), 13 എന്നിവ പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ. ഡിജിറ്റൽ സർവെ നടപടികളിലൂടെ സർവെ രംഗത്ത് കേരള മോഡൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഡ്രാഫ്റ്റ്സ്മാൻ, സർവ്വേയർ തസ്തികകൾ ഏകോപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും രേഖയിലുള്ളതിനേക്കാൾ അധികമായുള്ള ഭൂമി ക്രമവത്ക്കരിക്കുന്നതിനായി നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടെന്നും 'എന്റെ ഭൂമി' എന്ന ഇന്റഗ്രേറ്റഡ് പോർട്ടൽ നിലവിൽ വരുന്നതോടുകൂടി സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാനാകുമെന്നും സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിലുൾപ്പെടുത്തി 200 വില്ലേജുകളിൽ ടി പോർട്ടൽ ഉടൻ നിലവിൽവരുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.